(എ) അഖിലേന്ത്യാ മെഡിക്കൽ പ്രവേശന പരീക്ഷാ വിജയികൾക്ക് എം.ബി.ബി. എസ്സിനും ബി.ഡി.എസ്സിനും എത്ര സീറ്റുകൾ വീതം കേരളത്തിലെ കോളേജുകളിൽ നീക്കി വച്ചിട്ടുണ്ട്;

(ബി) 1998 ലെ അഖിലേന്ത്യാ മെഡിക്കൽ പ്രവേശന ലിസ്റ്റിൽ നിന്നും ഈ സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ കേരളത്തിലെ പ്രവേശന പരീക്ഷാ കൺട്രോളർ തയ്യാറാക്കിയ 1998 ലെ ലിസ്റ്റിൽ നിന്നും പ്രവേശനം നൽകി നികത്താതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സീറ്റുകളിൽ 1998 ലെ കേരള ലിസ്റ്റിൽ നിന്നും പ്രവേശനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.ബി.ബി.എസ്സിന് 120 സീറ്റുകളും ബി.ഡി.എസിനു 12 സീറ്റുകളും നീക്കി വച്ചിട്ടുണ്ട്.

(ബി),(സി)&(ഡി) എം.ബി.ബി.എസ്, ബി.ഡി.എസ്. കോഴ്സുകളിലേക്ക് അഖിലേന്ത്യാ ക്വാട്ടയിലേക്ക് നീക്കി വച്ചിട്ടുള്ള സീറ്റുകളിലേക്ക് പരീക്ഷ നടത്തുന്നത് സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷനും പ്രവേശനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസുമാണ്. ആയതുകൊണ്ട് പ്രസ്തുത സീറ്റുകളിലേക്കുള്ള പ്രവേശനം നൽകപ്പെട്ടതിന്റെയും ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം നൽകുന്നതിനെപ്പറ്റിയുമുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ പ്രസ്തുത സീറ്റുകളിലേക്ക് സംസ്ഥാന പ്രവേശന പരീക്ഷാ ലിസ്റ്റിൽ നിന്നും പ്രവേശനം നൽകണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ്സിന്റെ അനുമതി ലഭിക്കേണ്ടതാണ്. ഈ കാര്യത്തിൽ അനുമതി ഇതേവരെ ലഭിച്ചിട്ടില്ല. ആയതിനാൽ കേരള ലിസ്റ്റിൽ നിന്നും പ്രവേശനം നൽകുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

73 (2451) പ്രവേശന പരീക്ഷ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷ ഇപ്പോൾ എപ്രകാരമാണ് നടത്തുന്നത്;

(ബി) ഈ പരീക്ഷ സമഗ്രമായി പരിഷ്ക്കരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നെല്ലാമാണ് ഈ ആവശ്യം ഉണ്ടായിട്ടുള്ളത്;

(സി) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ/അഗ്രികൾചറൽ കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷ നടത്തുന്നത് കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ് ആണ് അതതു കോഴ്സുകളുടെ പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള സ്കീമും സിലബസും പ്രകാരം ഒബ്ജക്ടീവ് മാതൃകയിലുള്ള പ്രവേശന പരീക്ഷ സംസ്ഥാനത്തെ വിവിധ ജില്ലാകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ വച്ചു നടത്തുകയും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഒ.എം.ആർ. സമ്പ്രദായത്തിൽ മൂല്യനിർണ്ണയം നടത്തി റാങ്കു ലിസ്റ്റു പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

(ബി) ചില സംഘടനകളിൽ നിന്നും പൊതുപ്രവർത്തകരിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

(സി) ഉണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

74 (2452) സ്വാശ്രയ കോളേജുകളിലെ പ്രവേശനം

ശ്രീ. വി.ജെ. പൗലോസ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച് പ്രോസ്പെക്ടസിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചേർത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉദിക്കുന്നില്ല.

75 (2453) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുകാരുടെ തൊഴിൽ സാദ്ധ്യത

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ ബിരുദ കോഴ്സ് മാത്രം ആകുന്നതോടെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുകാരുടെ തൊഴിൽ സാദ്ധ്യത കുറയുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അത്തരം ഒരു സ്ഥിതിവിശേഷം സർക്കാർ പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly